പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **T 5681**

28.03.2018 ൽ
മറുപടിയ്ക്ക്

## നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി

ചോദ്യം

ശ്രീ. കെ..ആൻസലൻ

(എ) നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷത്തിൽ കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബകോടതി ആരംഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്നതിനു നിലവിൽ തടസ്സം ഉണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കുടുംബകോടതി നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്നതിനു ഏതെല്ലാം തരത്തിൽ ഉള്ള ക്രമീകരണങ്ങൾ ആണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ഇ) 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ കുടുംബകോടതി ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ 28.6.2013 ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29.9.2015 ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രോപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. എന്നാൽ ഈ പ്രോപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ staff pattern ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ല എന്ന് സർക്കാർ വിലയിരുത്തി. ഈ വിഷയം ഹൈക്കോടതി രജിസ്ട്രാറുമായി ബന്ധപ്പെട്ടത് അനുസരിച്ച് ഹൈക്കോടതി രജിസ്ട്രാർ 28.3.2016 ൽ ഒരു റിപ്പോർട്ട് കൂടി നൽകി. പ്രസ്തുത റിപ്പോർട്ടിൽ നെയ്യാറ്റിൻകരയിൽ Womens Cell പ്രവർത്തിച്ചിരുന്ന സ്ഥലത്ത് കോടതി സ്ഥാപിക്കാനുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണെന്നും അവിടെ കോടതി സ്ഥാപിക്കാൻ ആകുമെന്നും റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

ഇപ്പോൾ Womens Cell പ്രവർത്തിക്കുന്ന കെട്ടിടം കോടതി സ്ഥാപിക്കുവാൻ ലഭ്യമാകുന്നതിനെ സംബന്ധിച്ച് പോലീസ് മേധാവിയുടെ റിപ്പോർട്ട് ആരാഞ്ഞു. പോലീസ് മേധാവി നൽകിയ റിപ്പോർട്ടിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽപ്പെട്ട കെട്ടിടത്തിലാണ് ഇപ്പോൾ G.O.(Rt) No.464/16/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ എ.ആർ ക്യാമ്പ് പ്രവർത്തിച്ച് വരുന്നതെന്നും നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ച് വരുന്ന വനിത സഹായ സെൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റി സ്ഥാപിച്ചാൽ ആയതിന് പകരമായി മറ്റ് സ്ഥലങ്ങൾ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ നെയ്യാറ്റിൻകരയിൽ ഫാമിലി കോടതി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമല്ല എന്ന അവസ്ഥ ആണ് ഉള്ളത്. നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർദ്ദേശിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ മറ്റു നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ